## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5855** **28.10.2011-ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | **ശ്രീ. ജി. സുധാകരൻ** | | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സെക്രട്ടേറിയറ്റിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) | സെക്രട്ടേറിയറ്റിലെ കെട്ടിക്കിടക്കുന്ന ഫയലുകളിൽ നിയമപരമായി തടസ്സമില്ലാത്തവ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി തീർപ്പാക്കിയിട്ടുണ്ട്. കോടതി നടപടിയുമായി ബന്ധപ്പെട്ട ഫയലുകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായി ശ്രമം നടക്കുന്നുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിൽ ഫയലുകളും, തപാലുകളും ഐഡിയാസ്-ൽ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും നിർദ്ദേശം നൽകുമോ ; | (ബി) | നിർദ്ദേശം നിലവിലുണ്ട്. |
| (സി) | ഐഡിയാസ് ഫലപ്രദമായി നടപ്പാക്കാൻ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർ നൽകാൻ നടപടി സ്വീകരിക്കുമോ ; എല്ലാ ജീവനക്കാർക്കും ഐഡിയാസ്-ൽ ഫയൽ മൂവ്മെൻറ് രേഖപ്പെടുത്താൻ കർശന നിർദ്ദേശം നൽകുമോ ; | (സി) | എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടർ നൽകി വരുന്നുണ്ട്. ഐഡിയാസ്-ൽ ഫയൽ മൂവ് മെൻറ് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശം നൽകു ന്നതാണ്. |
| (ഡി) | സെക്രട്ടേറിയറ്റിലെ ഫയലുകളുടെ നിജ സ്ഥിതി പൊതുജനങ്ങൾക്കും അറിയുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ഡി) | സെക്രട്ടേറിയറ്റിലെ ഫയലുകളുടെ നീക്കം പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള സൗകര്യം ഐഡിയാസ്-ൽ ലഭ്യമാണ് ഇപ്പോൾ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലും വിവര സാങ്കേതിക വകുപ്പിലും നിലവിലുള്ള ഡി.ഡി.എഫ്.എസ്. |

| | | | |
|---|---|---|---|
| (ഇ) | എല്ലാ സർക്കാർ ഉത്തരവുകളും അതാതു വകുപ്പിൻെറ വെബ് സൈറ്റുകളിൽ, കൊടുക്കുന്നതിന്, എല്ലാ ഉത്തരവുകളുടെയും ഓരോ പകർപ്പ് പി.ആർ.ഡി. സ്ക്രൂട്ടിനി വിഭാഗത്തിന് മാർക്ക് ചെയ്ത് അതാത് ദിവസംതന്നെ നൽകുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ; | (ഇ) | സർക്കാർ ഉത്തരവ് അതത് ദിവസം തന്നെ വെബ്സൈറ്റിൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | എല്ലാ വകുപ്പുകളുടെയും വെബ് സൈറ്റുകൾ അപ്ഡേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | ഇക്കാര്യത്തിൽ നിർദ്ദേശം നൽകുന്നതാണ് .<br><br>സെക്ഷൻ ഓഫീസർ |